ഇന്റേണൽ വിജിലൻസ് ഓഫീസർ-3 ഇടുക്കിയുടെ നടപടിക്രമം

(ഹാജർ - ശ്രീ അബ്ദുൾസമദ് പി.എം)

ഉത്തരവ് നമ്പർ - IVO/IDK/KGP/2024-103 തീയതി - 05/02/2024

---

വിഷയം- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത സിറ്റിസൺ അദാലത്ത് സംബന്ധിച്ച്.

പരാമർശം - ബഹു. മുഖ്യമന്ത്രിയുടെ നവകേരളാസദസ്സിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 11-ാം വാർഡിൽ ജെയിൻ ഷാജി, നിരവത്ത് സമർപ്പിച്ച പരാതി.

ബഹു. മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ 11-ാം വാർഡിൽ ജെയിൻ ഷാജി, നിരവത്ത് സമർപ്പിച്ച പരാതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സിറ്റിസൺ അദായത്തിന്റെ സിറ്റിംഗ് 05/02/2024 തിങ്കളാഴ്ച പഞ്ചായത്ത് ഓഫീസിൽ വച്ച്നടത്തി. ടി സിറ്റിംഗിൽ അപേക്ഷകൻ നേരിട്ട് ഹാജരായി. കാർഷികാവശ്യത്തിനായി മോട്ടോർപുരയ്ക്ക് നമ്പർഇട്ട് കരണ്ട്കണക്ഷൻ ലഭിക്കുന്നതിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി അപേക്ഷ പരിശോധിച്ചതിൽ ടിയാൻ മോട്ടോർപുര സ്ഥാപിച്ചിട്ടുള്ള സ്ഥലം പട്ടയമില്ലാത്ത ഭൂമിയിലാണെന്ന് ബോദ്ധ്യപ്പെട്ടു. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങലും പട്ടയമില്ലാത്ത സ്ഥലങ്ങളാണ്. ടി പ്രദേശത്തേ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ഇവിടെ വളരെഏറെ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളുമാണെന്ന് ബോദ്ധ്യപ്പെട്ടു.

മേൽസാഹചര്യത്തിൽ കാർഷികാവശ്യങ്ങൾക്കായി മോട്ടോർ പുരകൾക്ക് അൺഓതറൈസ്ഡ് നമ്പർ നൽകിയാൽ മാത്രമേ ഈകാര്യത്തിന് ഒരു ശാശ്വത പരിഹാരം കൽപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദാലത്ത് സമിതി വിലയിരുത്തി. ആകയാൽ ഈ വിഷയത്തിൽ ബഹു.സർക്കാരിൽനിന്നും അൺഓതറൈസ്ഡ് നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് ലഭ്യമാക്കേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. ആകയാൽ ടി വിഷയം ബഹു.സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ജില്ലാ അദാലത്ത സമിതിയിൽ പരിഗണിക്കുന്നതിന് ശുപാർശചെയ്ത് തീരുമാനിച്ചു.

പി.എം അബ്ദുൾ സമദ്
ഇന്റേണൽ വിജിലൻസ് ഓഫീസർ
ഇടുക്കി

ABDULSAMAD P.M.
PEN - 578457
Asst. Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603